തുലാപ്പള്ളിയിലെ സ്വകാര്യ ജലവൈദ്യുത പദ്ധതി

76 [1197] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാവാലിക്കു സമീപം തുലാപ്പള്ളിയിൽ ഒരു സ്വകാര്യ ജലവൈദ്യുത പദ്ധതി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉടമകളാരാണ് ;

(സി) ഈ പദ്ധതിയിൽ പ്രതിദിനം എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നു ;

(ഡി) ഈ വൈദ്യുതി എന്ത് വിലയ്ക്കാണ് വിൽക്കുന്നത് ;

(ഇ) ഈ പദ്ധതി അടച്ചുപൂട്ടണമെന്ന് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലനാട് മൈക്രോ ഹൈഡൽ പ്രോജക്ട് എന്ന പേരിലുള്ള ഒരു ജനകീയ സഹകരണ സംഘമാണ് ഇതിന്റെ ഉടമകൾ.

(സി) 25 കിലോ വാട്ട്, 10 കിലോ വാട്ട് വീതമുള്ള രണ്ട് ജനറേറ്ററുകൾ പ്രവർത്തിക്കുന്നു.

(ഡി) ഈ വൈദ്യുതി ബോർഡ് വാങ്ങുന്നില്ല.

(ഇ) ഇല്ല.

വടക്കാഞ്ചേരി 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാൻ നടപടി

77 [1198] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തിക്ക് എത്ര സംഖ്യയാണ് ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിന്റെ ഭാഗമായി ഒരു 110/11 കെ.വി., 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി 28-12-2005-ന് പൂർത്തിയായി. രണ്ടാമത്തെ 110/11 കെ.വി., 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി ഫെബ്രുവരി, 2006-ൽ പൂർത്തിയാക്കുന്നതാണ്.

(ബി) 194 ലക്ഷം രൂപ.

GPM. 2/154/2013—14

LIBRARY ARCHIVES Kerala Legislative Assembly